<u>ഭരണഭാഷ- മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ് /2022/2022-ഇഎ(1)** **തീയതി: 04/06/2022**

---

## <u>സർക്കുലർ</u>

വിഷയം :- ഡിഇഎസ്-വകുപ്പിൽ 2022 ലെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സംവിധാനം മുഖേന ക്ഷണിക്കുന്നത് -സംബന്ധിച്ച്

സൂചന :- 1) സ. ഉ (പി) നം. 3/2017 ഉഭപവ. തീയതി : 25.02.2017
2) ഈ ഓഫീസിലെ 09/05/2022 ലെ ഡിഇഎസ്/2022/2022-ഇഎ(1) നമ്പർ സർക്കുലർ.
3) ഈ ഓഫീസിലെ 20/05/2022 ലെ ഡിഇഎസ്/2022/2022-ഇഎ(1) നമ്പർ സർക്കുലർ.
4) 04/06/2022 ലെ SPARK ൽ നിന്നുള്ള ഇ മെയിൽ സന്ദേശം

25.02.2017 ലെ സ. ഉ (പി) നം. 3/2017 ഉഭപവ. ഉത്തരവിലെ അനുബന്ധമായുള്ള പ്രത്യേക മുൻഗണന (പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ) വിഭാഗക്കാർക്ക് സ്ഥലം മാറ്റത്തിൽ നിന്നുള്ള സംരക്ഷണം രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം വകുപ്പിലെ ഒൺലൈൻ ട്രാൻസ്ഫർ സംവിധാനത്തിൽ SPARK ലഭ്യമാക്കിയിരുന്നില്ല. എന്നാൽ പ്രസ്തുത സൗകര്യം ലഭ്യമാക്കിക്കൊണ്ട് SPARK ൽ നിന്നും സൂചന (4) പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ പ്രത്യേക മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരിൽ നിലവിലെ സ്റ്റേഷനിൽ 5 വർഷം പരിരക്ഷ ലഭിക്കേണ്ടവർ SPARK ൽ "Service matters - Priority category for Transfer" എന്ന menu വിൽ അനുബന്ധ രേഖകൾ upload ചെയ്യേണ്ടതാണ്. ആയത് ജീവനക്കാരുടെ ലോഗിൻ ഐ.ഡി മുഖേനയും, ഡി.ഡി.ഒ യുടെ ലോഗിൻ ഐ.ഡി മുഖേനയും നിർവഹിക്കാവുന്നതാണ്. ജീവനക്കാർ സ്വന്തം ലോഗിൻ ഐ.ഡി യിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യുന്ന അവസരത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവി/ ഡി.ഡി.ഒ മാർ രേഖകൾ കൃത്യമായി പരിശോധിച്ച് അർഹത ഉറപ്പുവരുത്തിയ ശേഷം അപ്രൂവ് ചെയ്യേണ്ടതാണ്. ഡി.ഡി.ഒ യുടെ ലോഗിൻ ഐ.ഡി മുഖേന ആണ് അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യുന്നത് എങ്കിൽ

"Submit Proof of Priority Categories" മെനുവിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

പ്രസ്തുത നടപടി പൂർത്തിയാക്കുന്നതിനായി ജീവനക്കാർക്കുള്ള സമയപരിധി 05/06/2022 10.00 AM മുതൽ 09/06/2022 5.00 PM വരെയും, ബന്ധപ്പെട്ട ഓഫീസ് മേധാവി / ഡി.ഡി.ഒ മാർ രേഖകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തിയതിനു ശേഷം അപ്രൂവ് ചെയ്യുവാനുള്ള സമയ പരിധി 05/06/2022 10.00 AM മുതൽ 10/06/2022 5.00 PM വരെയും ആയിരിക്കും.

ഓൺലൈൻ മുഖേന പൊതുസ്ഥലംമാറ്റത്തിന് ഇതിനകം അപേക്ഷ സമർപ്പിച്ചവരിൽ നിലവിലെ സ്റ്റേഷനിൽ 5 വർഷത്തെ പരിരക്ഷ ലഭിക്കേണ്ടവർ സ്ഥലമാറ്റം ആവശ്യമില്ലെങ്കിൽ, നിലവിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ റദ്ദ് ചെയ്യുന്നതിനുള്ള റിക്വസ്റ്റ് ബന്ധപ്പെട്ട ഓഫീസ് മേധാവി / ഡി.ഡി.ഒ മുഖേന ecostatonlinetransfer@gmail.com എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം "Priority Categories for Transfer" മെനുവിൽ അനുബന്ധ സർട്ടിഫിക്കറ്റുകൾ / രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

Signature valid
Digitally signed by Sajeevu P P
Date: 2022.06.04 16:19:14 IST
Reason: Approved

DIRECTOR

സ്വീകർത്താവ്

വകുപ്പിലെ എല്ലാ ജീവനക്കാരും

പകർപ്പ്

1. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന ലൈൻ ഡിപ്പാർട്ട്മെന്റുകൾ
2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ/താലൂക്ക് ഓഫീസ് മേധാവികൾ.
3. ഡെപ്യൂട്ടി ഡയറക്ടർ കമ്പ്യൂട്ടർ വിഭാഗം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. നോട്ടീസ് ബോർഡ്.